**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 542 29.01.2019-ലെ മറുപടിയ്ക്ക്

**ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്**<br>**,, ഐ.ബി. സതീഷ്**<br>**,, ജോൺ ഫെർണാണ്ടസ്**<br>**,, സി. കെ. ശശീന്ദ്രൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഒളിമ്പിക്സിൽ മെഡൽ നേടാൻ കായിക താരങ്ങളെ പ്രാപ്തരാക്കുന്നതിനായി ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; | (എ) & (ബി) | ഉണ്ട്. 2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടു കൂടി വിദഗ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണ് ഇത്.<br>പദ്ധതിയുടെ പ്രാരംഭ ഘട്ടമായി നിലവിൽ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ്, എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ്, കൊല്ലത്തും, ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നു വരുന്നു.ഇതിൽ ഷൂട്ടിംഗ്, ആർച്ചറി, അത്ലറ്റിക്സ് എന്നിവയുടെ പലിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എന്തെല്ലാം പരിശീലനങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം കായിക താരങ്ങൾക്ക് നൽകി വരുന്നതെന്നും ഏതെല്ലാം കായിക ഇനങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലേയ്ക്ക് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലേക്ക് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള ഓരോ കായിക ഇനത്തിന്റെയും മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1) അത്‌ലറ്റിക്സ് - സംസ്ഥാന, ദേശീയ തല മത്സരങ്ങളിൽ ഉന്നത സ്ഥാനം കരസ്ഥമാക്കിയ 12-16 വയസിലുള്ള കുട്ടികളിൽ നിന്നും അടിസ്ഥാന പരമായി സെലക്ഷൻ ട്രയൽസായ Vertical Jump, flexibility test, Endurnance Test, Standing long jump, Shotput Backward Throw എന്നീ ടെസ്റ്റുകളിലെ പ്രകടനമാണ് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമായി നിശ്ചയിച്ചിരിക്കുന്നത്.<br>2) സ്വിമ്മിംഗ്-സംസ്ഥാന, ദേശീയ തല മത്സരങ്ങളിൽ ഉന്നതസ്ഥാനം കരസ്ഥമാക്കിയ 14-20 വയസ്സിലുള്ള കുട്ടികളിൽ നിന്നും ട്രയൽ നടത്തി ട്രെയിനിംഗ് ഏജ് കൂടി പരിഗണിച്ച് മികച്ച ഭാവി പ്രകടനം ഉറപ്പുള്ളവരെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.<br>3) ബോക്സിംഗ്-13-20 വയസ്സിലുള്ള കുട്ടികളിൽ നിന്നും മോട്ടോർ ക്വാളിറ്റി ടെസ്റ്റ്, 30 മീറ്റർ റൺ, 6X10 ഷട്ടിൽ റൺ, 3kg ഒ.എച്ച്.ബി.റ്റി, വെർട്ടിക്കൽ ജംബ്, മിനി ബാസ്കറ്റ് ബോൾ ത്രോ, 800 മീറ്റർ റൺ,. സ്പെസിഫിക് ബോക്സിംഗ് ടെസ്റ്റ്, സ്പാരിംഗ്, പഞ്ചിംഗ് ബാഗ്, ഷാഡോ ബോക്സിംഗ് എന്നീ ടെസ്റ്റുകളും ബോക്സിംഗിലെ നേട്ടങ്ങളും പരിഗണിച്ചാണ് തെരഞ്ഞെടുക്കുന്നത്.<br>4) റോവിംഗ് - മോട്ടോർ ക്വാളിറ്റി ടെസ്റ്റ്, 800 മീറ്റർ റണ്ണിംഗ്, സ്റ്റാന്റിംഗ് ബ്രോഡ് ജംപ്, ഹൈറ്റ്, വെയിറ്റ്, ആം ലെംഗ്ത്, 30 മീറ്റർ ഷട്ടിൽ റൺ, പുഷ് അപ്പ് എന്നീ ടെസ്റ്റുകളിൽ മികവ് തെളിയിച്ച 14-18 വയസ്സിലുള്ള കുട്ടികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.<br>5) സൈക്ലിംഗ്-വെർട്ടിക്കൽ ജംപ് സ്റ്റാന്റിംഗ് ബ്രോഡ് ജംപ് 600 മീറ്റർ, ഷട്ടിൽ ജംപ് എന്നീ ടെസ്റ്റുകളും ഉയരവും പരിഗണിച്ച് 13-16 വയസ്സിലുള്ള കുട്ടികളെയാണ് |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുത്തിരിക്കുന്നത്.<br>6) റസ്ലിംഗ് - 50 മീറ്റർ ഷട്ടിൽ റൺ, 10 X 6 ഷട്ടിൽ റൺ, ബീപ്പ് ടെസ്റ്റ്,സിറ്റ് & ത്രോ മെഡിസിൻ ബാൾ, സ്റ്റാന്റിംഗ് ബ്രോഡ് ജംപ് എന്നീ ടെസ്റ്റുകളിൽ നിന്നും മികവു തെളിയിച്ച 12-16 വയസ്സിലുള്ള കുട്ടികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.<br>7) ബാഡ്മിന്റൺ ഷട്ടിൽ - സംസ്ഥാന, ദേശീയ തല മത്സരങ്ങളിൽ ഉന്നത സ്ഥാനം കരസ്ഥമാക്കിയ 15-18 വയസ്സിലുള്ള കുട്ടികളിൽ നിന്നും ട്രയൽ നടത്തി ട്രെയിനംഗ് ഏജ് കൂടി പരിഗണിച്ച് ഭാവി പ്രകടനം ഉറപ്പുള്ളവരെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.<br>8) കനോയിംഗ് & കയാക്കിംഗ് - മോട്ടോർ ക്വാളിറ്റി ടെസ്റ്റ്, 800 മീറ്റർ റണ്ണിംഗ്, സ്റ്റാന്റിംഗ് ബ്രോഡ് ജംപ്, ഹൈറ്റ്, വെയിറ്റ്, ആം ലെഗ്ത്, 30 മീറ്റർ ഷട്ടിൽ റൺ, പുഷ് അപ്പ് എന്നീ ടെസ്റ്റുകളിൽ മികവു തെളിയിച്ച 14-17 വയസ്സിലുള്ള കുട്ടികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.<br>9) ഫെൻസിംഗ് - 30 മീറ്റർ ഫ്ലയിംഗ് സ്റ്റാർട്ട്, സ്റ്റാന്റിംഗ് ബ്രോഡ് ജംപ്, സ്കെയിൽ ടെസ്റ്റ്, മെഡിസിൻ ബാൾ ത്രോ, 2000 മീറ്റർ റണ്ണിംഗ് എന്നീ ടെസ്റ്റുകളിൽ നിന്നും മികവു തെളിയിച്ച 17-25 വയസ്സിലുള്ള കുട്ടികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.<br>ആർച്ചറി, ഷൂട്ടിംഗ് എന്നിവയുടെ മാനദണ്ഡങ്ങൾ നിലവിൽ നിശ്ചയിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**